**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 162** **30-09-2025 - ൽ മറുപടിയ്ക്ക്**

**മയക്കമരുന്നിന്റെ വ്യാപനവും ഉപയോഗവും തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിദേശ രാജ്യങ്ങളിൽനിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നുമുള്ള ലഹരിയുടെ കടന്നുവരവ് പൂർണ്ണമായും ഇല്ലാതാക്കിയാൽ മാത്രമേ ലഹരിവിരുദ്ധ പോരാട്ടങ്ങൾ സംസ്ഥാനത്ത് വിജയം കാണുകയുള്ളൂ എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽനിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നുമുള്ള ലഹരിയുടെ കടന്നുവരവ് തടയുന്നതിനായി വളരെ ഫലപ്രദമായ എൻഫോഴ്സ്മെന്റ് നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. വാട്സ് ആപ്പ്, ഫെയ്സ് ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയ, ഡാർക്ക് വെബ് പോലുള്ള ഓൺലൈൻ സൈറ്റുകൾ എന്നിവ മുഖേന രാസലഹരി ഉൾപ്പെടെയുള്ള മയക്കമരുന്ന് കൈമാറ്റം ചെയ്യുന്നത് കണ്ടെത്തുന്നതിന് എക്സൈസ് സൈബർ സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. വിദേശ രാജ്യങ്ങളിൽ നിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നുമുള്ള ലഹരി കടത്തു ഇല്ലാതാക്കുന്നതിനായി സൈബർസെൽ സഹായത്തോടെയും, പോലീസുമായി സഹകരിച്ചും നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൊറിയർ സർവ്വീസ് വഴിയുള്ള ലഹരിക്കടത്ത് തടയുന്നതിനായി ഇത്തരം സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നിരന്തരമായ നിരീക്ഷണങ്ങളും പരിശോധനകളും നടത്തി വരുന്നു. അതിർത്തി പ്രദേശങ്ങളിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് അന്യസംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ചെക്ക് പോസ്റ്റുകൾ ഇല്ലാത്ത റോഡുകളിലും, ചെക്ക് പോസ്റ്റ് കഴിഞ്ഞു വരുന്ന ഇടറോഡുകളിലും പ്രത്യേക മൊബൈൽ സ്ക്വാഡുകളെ നിയോഗിച്ച് കർശനമായ വാഹന പരിശോധനകൾ നടത്തി വരുന്നു. അതിർത്തി പ്രദേശങ്ങളിലെ ലഹരിക്കടത്ത് തടയുന്നതിനുവേണ്ടി തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (KEMU) |

| | | | |
|---|---|---|---|
| | | | രൂപീകരിച്ച് ലഹരി വസ്തുക്കൾ തടയുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>അതിർത്തി സംസ്ഥാനങ്ങളിലെ പോലീസ് വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധനകൾ, രഹസ്യ വിവര ശേഖരണം, കുറ്റവാളികളുടെ വിവരങ്ങളുടെ കൈമാറ്റം എന്നിവയും കോസ്റ്റ് ഗാർഡ്, മറൈൻ എൻഫോഴ്സ്മെന്റ് എന്നിവയുമായി ചേർന്ന് ജലാശയങ്ങൾ, സമുദ്രാതിർത്തികൾ എന്നിവ കേന്ദ്രീകരിച്ചും സംയുക്ത പരിശോധനകളും നടത്തി വരുന്നു. |
| (ബി) | മയക്കുമരുന്ന് കടത്തും വിതരണവും ഉപയോഗവും പൂർണ്ണമായി തടഞ്ഞ് സംസ്ഥാനത്തെ ലഹരിമുക്തമാക്കുന്നതിനുള്ള സമഗ്രപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ ലഹരിമുക്തമാക്കുന്നതിനുള്ള സമഗ്രപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി എക്സൈസ് വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ റെയ്ഡുകൾ നടത്തുകയും, കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തുവരുന്നു. മയക്കുമരുന്നു കടത്തിക്കൊണ്ടു വരുന്നതും വിൽപ്പന നടത്തുന്നതും തടയുന്നതിനായി ജില്ലാ തലങ്ങളിൽ സ്ട്രൈക്കിംഗ് ഫോഴ്സ് ടീമും ഹൈവേ പട്രോൾ ടീമും രൂപീകരിച്ച് 24 മണിക്കൂറും വാഹന പരിശോധനകൾ നടത്തുന്നുണ്ട്. എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതിപരിഹാരസെൽ വഴിയും ജില്ലാ തലങ്ങളിൽ കൺട്രോൾ റൂമുകൾ വഴിയും ലഭ്യമാകുന്ന വിവരങ്ങളിലും പരാതികളിലും സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു വരുന്നു. ലഹരി ഉപയോഗം തടയുന്നതിനായി മുഴുവൻ സമയവും പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും 14 ജില്ലകളിലും എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി-നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നു.<br><br>ഒന്നിലധികം മേജർ/കോമേർഷ്യൽ NDPS കേസുകളിൽ ഉൾപ്പെട്ട പ്രതികൾക്കെതിരെ 1988 ലെ PITNDPS ACT ലെ 10(1) വകുപ്പ് പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്ഥിരമായി ലഹരികടത്തും കച്ചവടവും നടത്തി വരുന്നവരുടെ പൂർണ്ണമായ വിവരങ്ങൾ അടങ്ങിയ പ്രൊഫൈൽ തയ്യാറാക്കി അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് ലഹരി വില്പന തടയുന്നതിനായി സ്കൂൾ, കോളേജ് പരിസരങ്ങളിലും കടകളിലും ലഹരിമരുന്നുകൾ പുകയില ഉത്പന്നങ്ങൾ, ലഹരി അടങ്ങിയ വസ്തുക്കൾ എന്നിവ ഇല്ലായെന്ന് ഉറപ്പ് വരുത്തുന്നതിനായി ഇതര |

| | | | |
|---|---|---|---|
| | | | സർക്കാർ വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തി വരുന്നു. ലഹരി ഉപയോഗിച്ചതായി സംശയിക്കപ്പെടുന്നവരെ Abon Kit ഉപയോഗിച്ച് പരിശോധന നടത്തി ലഹരി ഉപയോഗിച്ചതായി കണ്ടെത്തിയാൽ അത്തരക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും വിദ്യാലയങ്ങളിൽ ബന്ധപ്പെട്ട എക്സൈസ് ഉദ്യോഗസ്ഥർ സന്ദർശിച്ച്, ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു. വ്യാജ വാറ്റ്, വ്യാജ മദ്യം മറ്റ് മയക്കു മരുന്ന് ഉത്പന്നങ്ങൾ എന്നിവയുടെ ഉത്പാദനം, വിപണനം, വില്പന, ഉപയോഗം തുടങ്ങിയവ തടയുന്നതിനായി പോലീസ്, ഫോറസ്റ്റ്, ആരോഗ്യം, പഞ്ചായത്ത്, റവന്യൂ തുടങ്ങിയ ഇതര വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകളും പരിശോധനകളും നടത്തി നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ലഹരിവേട്ടയ്ക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനം ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി എ. ഐ. സംവിധാനം വികസിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | എക്സൈസ് വകുപ്പിൽ ലഹരിവേട്ടയ്ക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനം ഉപയോഗപ്പെടുത്തുന്നതിനുള്ള തീരുമാനം എടുത്തിട്ടില്ല. |
| (ഡി) | ലഹരി പദാർത്ഥങ്ങളിലെ രാസഘടകങ്ങൾ നിരന്തരം മാറ്റുന്നതിനാൽ കെമിക്കൽ അനാലിസിസ് ലാബുകളിൽ പലപ്പോഴും ഇവ കണ്ടെത്താൻ കഴിയില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ശ്രദ്ധയിൽ പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ